"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

__സംഗ്രഹം__

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ കമിളി ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ ശ്രീ.ഗുണശേഖർ.എസ്. ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)10486/2026 ന് മേലുള്ള 19.03.2026 ലെ വിധിന്യായം നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1218/2026/LSGD തീയതി,തിരുവനന്തപുരം, 02-07-2026

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.10.2025 ലെ LSGD/PD/18225/2024-DEF നമ്പർ കത്ത്.
2. സ.ഉ.(എം.എസ്) 2/2026/ത.സ്വ.ഭ.വ. തീയതി 03.01.2026.
3. ശ്രീ.ഗുണശേഖർ.എസ് സമർപ്പിച്ച 11.03.2026 ലെ അപേക്ഷ.
4. WP(C)10486/2026 ന് മേലുള്ള 19.03.2026 ലെ വിധിന്യായം.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.05.2026 ലെ LSGD/PD/13066/2026/LL6 നമ്പർ കത്ത്.
6. 16/05/2026-ലെ EPA2/153/2026/LSGD നം.കത്ത്.

__ഉത്തരവ്__

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ നഗരസഭകൾ എന്നിവയിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമായോ അല്ലാതെയോ നിയമനം ലഭിച്ചവരും നിലവിൽ പത്തോ അതിലധികമോ വർഷമായി തുടർച്ചയായി പ്രവർത്തിച്ചു വരുന്നവരും നടപടിക്രമങ്ങൾ പാലിച്ച് നിയമനം ലഭിച്ചവരും ആയ ലൈബ്രേറിയൻമാർ, ശിശുമന്ദിരം/നഴ്സറി സ്കൂൾ ടീച്ചർമാർ, ആയ എന്നിവരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവിൽ ഉൾപ്പെടുത്താത്തതിനെതിരെ ഇടുക്കി ജില്ലയിലെ കമിളി ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ ശ്രീ.ഗുണശേഖർ.എസ്. ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)10486/2026 കേസിൻമേൽ ബഹു.ഹൈക്കോടതിയുടെ 19/03/2026 ൽ പരാമർശം (3) പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

"....The 1st respondent is directed to consider Ext.P7 in the light of Ext.P3 and P4 after giving sufficient opportunity of hearing to the petitioner and respondents 4 & 5 as expeditiously as possible at any rate within 3 months from the date of receipt of a certified company of this judgment."

2). ഹർജിക്കാരൻ പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ (എക്സിബിറ്റ്

പി 7) 10 വർഷം പൂർത്തിയാക്കിയ ലൈബ്രേറിയൻമാർ, ശിശുമന്ദിരം/നഴ്സറി സ്കൂൾ ടീച്ചർമാർ, ആയ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിലേക്കുള്ള 208 പേരുടെ ശിപാർശയിൽ തന്റെ പേരും ഉൾപ്പെട്ടിരുന്നെങ്കിലും സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിൽ ഉൾപ്പെടുത്താതെ പായെന്നും 50% ലാക്കോമോട്ടോർ ഡിസ് എബിലിറ്റിയുള്ള തന്നെ, കമിളി ഗ്രാമപഞ്ചായത്ത് ലൈബ്രേറിയനായിട്ടുള്ള 12 വർഷത്തെ സേവനം കണക്കിലെടുത്ത് സ്ഥിരപ്പെടുത്തണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

3). മേൽ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനെയും കമിളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും 07/05/2026-ന് ഉച്ചയ്ക്ക് 12 മണിക്ക് നേരിൽ കേൾക്കുകയുണ്ടായി. 22026 ജനുവരിയിൽ സമർപ്പിച്ചവരിൽ ക്ലറിക്കൽ പിഴവ് മൂലം തന്റെ പേര് വിട്ടുപോയി. MA,BEd, BLIS യോഗ്യതയുള്ള ഭിന്നശേഷിക്കാരനായ തന്റെ പേര് മേൽ ഉത്തരവിൽ ഉൾപ്പെട്ടില്ല എന്നും ആയതിനാൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ടിയാൻ ഹിയറിംഗിൽ ബോധിപ്പിച്ചത്.

4). സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമായോ അല്ലാതെയോ നിയമനം ലഭിച്ചവരും നിലവിൽ പത്തോ അതിലധികമോ വർഷമായി തുടർച്ചയായി പ്രവർത്തിച്ചു വരുന്ന ലൈബ്രേറിയൻമാർ, ശിശുമന്ദിരം/നഴ്സറി സ്കൂൾ ടീച്ചർമാർ, ആയ എന്നിവരുടെ വിശദാംശങ്ങൾ സർക്കാരിൽ നിന്ന് ആവശ്യപ്പെടുകയും ആയത് പരാമർശം (1) കത്ത് പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നതിൽ ശ്രീ.ഗുണശേഖരന്റെ പേരും ഉൾപ്പെട്ടിരുന്നു എന്നും ടി ലിസ്റ്റിൽ നിന്നും പരാമർശം (2) പ്രകാരം സർക്കാർ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തിയ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നവരുടെ വിശദാംശങ്ങൾ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതുമാണെന്നും ടി ലിസ്റ്റിലും ടിയാന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും ആയതിന് സർക്കാരിൽ നിന്നും നിർദ്ദേശങ്ങളോ ഉത്തരവുകളോ ലഭ്യമായിട്ടില്ലാത്തതാണെന്നും പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5). സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ സാംസ്കാരിക നിലയങ്ങളിലും പഞ്ചായത്ത് ലൈബ്രറികളിലും ശിശു മന്ദിരങ്ങളിലും നഴ്സറി സ്കൂളുകളിലും ഓണറേറിയം/ദിവസ വേതന അടിസ്ഥാനത്തിൽ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പാർട്ട് ടൈം ആയി നിയോഗിച്ച് ഓണറേറിയം/ദിവസ വേതന രീതിയിലേക്ക് മാറ്റിയവർ ഉൾപ്പെടെ) പതിനൊന്നിന പരിപാടിയുടെ ഭാഗമായോ അല്ലാതെയോ നിയമനം ലഭിച്ചവരും നിലവിൽ പത്തോ അതിലധികമോ വർഷമായി തുടർച്ചയായി പ്രവർത്തിച്ചു വരുന്നവരുമായ ലൈബ്രേറിയൻമാർ, ശിശുമന്ദിരം/ നഴ്സറി സ്കൂൾ ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ ക്രമപ്പെടുത്തുന്നതിനായി മേൽ ജീവനക്കാരുടെ നിയമനത്തിലെ സുതാര്യത പരിശോധിക്കുന്നതിലേക്കായി തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെയും ജില്ലാ ജോയിന്റ് ഡയറക്ടർമാരുടേയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടേയും വീഡിയോ കോൺഫറൻസ് സർക്കാർ വിളിച്ച് ചേർക്കുകയും ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു.

1. പതിനൊന്നിന പരിപാടി പ്രകാരമോ അല്ലാതെയോ ലൈബ്രറി, ശിശുമന്ദിരം/നഴ്സറി സ്കൂൾ നിലവിൽ വന്ന തീയതി; ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;
2. ഇപ്പോൾ സ്ഥിരജീവനക്കാരായി ക്രമീകരിക്കാനുള്ള ശിപാർശയിൽ ഉൾപ്പെട്ട ഈ ജീവനക്കാരെ നിയമിക്കുന്നതിന് ഉപയോഗിച്ച തിരഞ്ഞെടുപ്പ് പ്രക്രിയ എപ്രകാരമായിരുന്നു (Newspaper Notification ചെയ്തോ എന്നും അതിനുശേഷം interview/Written Examination

നടത്തിയോ എന്നും പ്രത്യേകം രേഖപ്പെടുത്തണം); ഏതെങ്കിലും പ്രത്യേക യോഗ്യത, കഴിവുകൾ, അല്ലെങ്കിൽ പരിചയം ആവശ്യപ്പെട്ടാണോ നോട്ടിഫിക്കേഷൻ ചെയ്തത് എന്നും അപ്രകാരമുള്ള യോഗ്യതയുള്ള ആളെയാണോ നിയമിച്ചത് എന്നും; അവരുടെ നിലവിലുള്ള പ്രായം- ഇത് വ്യക്തമാക്കുന്ന കത്ത് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കേണ്ടതാണ്;

3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവരുടെ കാര്യത്തിലും നിയമന രീതി ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലിസ്റ്റ് ലഭ്യമാക്കി ഇന്റർവ്യൂ നടത്തിയാണോ ഇവരുടെ നിയമനങ്ങൾ നടന്നിട്ടുള്ളത് എന്ന് രേഖപ്പെടുത്തണം.

4. റിമാർക്ക് കോളത്തിൽ ഏതെങ്കിലും സർക്കാർ ഉത്തരവിൽ പ്രതിപാദിച്ച വിധമാണോ നിയമനം നടത്തിയത് എന്നും കാണിക്കണം.

5. യാതൊരു നടപടിക്രമവും പാലിച്ചില്ലെങ്കിൽ അതും വ്യക്തമായി രേഖപ്പെടുത്തണം.

6. ആശ്രിത നിയമനം നൽകിയത് എപ്രകാരമാണ് എന്ന് വ്യക്തമാക്കണം

7. ഏതെങ്കിലും കോടതി കേസ്/ഉത്തരവ് നിലവിലുണ്ടെങ്കിൽ അക്കാര്യം വ്യക്തമാക്കണം

6). മേൽ നിർദ്ദേശത്തിൻ പ്രകാരം രണ്ട് പേരെ ഒഴിവാക്കി, മൂന്ന് പേരെ ഉൾപ്പെടുത്തി ലഭ്യമായ പുതുക്കിയ 208 പേരുടെ വിവരങ്ങൾ സർക്കാർ പരിശോധിച്ച് രണ്ട് പട്ടികകളാക്കി വിഭജിച്ചു. പട്ടിക 1.നടപടിക്രമങ്ങൾ പാലിച്ച് നിയമനം ലഭ്യമായവർ- ഇതിൽ നോട്ടിഫിക്കേഷൻ, ഇന്റർവ്യൂ എന്നിവയാണ് നടപടിക്രമങ്ങൾ. ഇതിൽ 122 പേർ ഉൾപ്പെട്ടിരുന്നു. പട്ടിക 2-നടപടിക്രമങ്ങൾ പാലിക്കാതെ നിയമനം ലഭ്യമായവർ.നടപടിക്രമങ്ങൾ പാലിച്ച് നിയമിച്ച പട്ടിക(1)ൽ ഉൾപ്പെട്ട പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്താമെന്ന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ശ്രീ.ഗുണശേഖറിന്റെ പേര്, നടപടിക്രമങ്ങൾ പാലിക്കാതെ നിയമനം ലഭ്യമായവരുടെ പട്ടിക 2-ൽ ആണ് ഉൾപ്പെട്ടിരുന്നത്. അതിൽ പത്രം മുഖേനയോ മറ്റോ പരസ്യം ചെയ്തിട്ടുണ്ടോ എന്നതിന് ഇല്ല എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ടിയാന്റെ നിയമനത്തിന് ഇന്റർവ്യൂ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതിനാലാണ് ടിയാൻ നടപടിക്രമങ്ങൾ പാലിച്ച് നിയമനം ലഭ്യമായവരുടെ പട്ടികയിൽ ഉൾപ്പെടാതിരുന്നത്.

7). പരാമർശം (3) പ്രകാരമുള്ള അപേക്ഷ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-2021 കാലയളവിൽ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ (സിഡിറ്റ്, കില, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്,കെൽട്രോൺ തുടങ്ങിയവ) കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിനെതിരെ ശ്രീ.വിഷ്ണുവും മറ്റുള്ളവരും ഫയൽ ചെയ്ത W.P.(C)No. 5487/2021-നമ്പരുള്ള ബഹു.കേരള ഹൈക്കോടതിയുടെ 10/11/2025-ലെ വിധിന്യായത്തിൽ തുടർന്നുള്ള റഗുലറൈസേഷൻ വിലക്കിയിട്ടുണ്ട്. പരാമർശം(2)ന് എതിരെ മേൽ കേസിൽ തന്നെ Unnumbered IA No. 1/2026, IA No. 2/2026 ഫയൽ ചെയ്തിട്ടുണ്ട്. ആയതിലെ 20/02/2026-ലെ ഉത്തരവ് പ്രകാരം 10/11/2025-ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള റഗുലറൈസേഷൻ വിലക്കിയിട്ടുണ്ട്. IA No.1/2026-ന് ഈ വകുപ്പ് 20/02/2026-ൽ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശങ്ങൾ നല്കുകയും തുടർന്ന് എതിർസത്യവാങ്മൂലം ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിനാൽ ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ, മേൽ കേസിലെ വിധിക്കനുസൃതമായി ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയൂ. ബഹു.കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ, പരാമർശം(2) ഉത്തരവുമായി ബന്ധപ്പെട്ട നടപടികൾ നിർത്തിവയ്ക്കുന്നതിന് പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ

ഡയറക്ടർക്ക് നിർദ്ദേശവും നല്കിയിട്ടുണ്ട്.

8). മേൽ സാഹചര്യത്തിൽ, ശ്രീ.ഗുണശേഖറിന്റെ ആക്ഷേപം പരിഗണിച്ച് പരാമർശം(2) ഉത്തരവിൽ ഉൾപ്പെടുത്തി സ്ഥിരപ്പെടുത്തണമെന്ന എക്സിബിറ്റ് പി 7 -ലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

9). ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (4) ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
ശ്രീ.ഗുണശേഖർ.എസ്, ലൈബ്രേറിയൻ, കമിളി ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഇടുക്കി (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, കമിളി ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
സെക്ഷൻ ഓഫീസർ
Date: 02-07-2026 14:07:32